(ബി) ശ്രീ. ടി. പി. നന്ദകുമാർ അപകീർത്തിപ്പെടുത്തിയതായി പരാതി നൽകിയതിന്റെ പേരിൽ നന്ദകുമാറിനെതിരെ മൂന്നു ദിവസത്തിനുള്ളിൽ നടപടി സ്വീകരിച്ച പോലീസ്, നന്ദകുമാറിന്റെ പരാതിയിലും കാലതാമസ മുണ്ടാകാതെ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുമോ ;

(സി) ഇതു സംബന്ധിച്ച ദേശാഭിമാനി ചീഫ് എഡിറ്റർക്കെതിരെ ഇതുവരെ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ദേശാഭിമാനി വെബ്സൈറ്റിൽ പറഞ്ഞിട്ടുള്ളതുപ്രകാരം ക്രൈം പത്രാധിപർ ശ്രീ. ടി. പി. നന്ദകുമാർ ക്രൈം പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീ കരിക്കും എന്നു പറഞ്ഞ് ബ്ലാക്ക്മെയിൽ ചെയ്തു എന്നതിന്റെ പേരിൽ സംസ്ഥാനത്തെവിടെയെല്ലാം നന്ദകുമാറിനെതിരെ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; എങ്കിൽ എത്ര കേസ്സുകൾ ;

(ഇ) നന്ദകുമാറിനെതിരെ കള്ള കേസ്സെടുത്ത സി.ഐ.യ്ക്കെതിരെ എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ; എങ്കിൽ ഇയാൾക്കെതിരെ എന്തു കേസ്സാണുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. ഉമേഷ് ചള്ളിയിൽ എക്സ് എം.എൽ.എ. യെ ആക്രമിച്ച കേസ്സ്

48 (5958) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ഉമേഷ് ചള്ളിയിൽ എക്സ് എം.എൽ.എ.-യുടെ വാഹനം തടഞ്ഞ് നിറുത്തി മൂത്തകുന്നം ലേബർ ജംഗ്ഷനിൽ വച്ച് ഒരു സംഘം സാമൂഹ്യ വിരുദ്ധർ ആക്രമിച്ചത് സംബന്ധിച്ച കേസ്സിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ സംഭവത്തിൽ ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇനിയും ഏതെങ്കിലും പ്രതികളെ പിടികിട്ടാനുണ്ടോ ; എങ്കിൽ അവരുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത കേസ്സ് നിസാരമായ വകുപ്പുകൾ ചേർത്ത് പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതുകൾ നൽകുന്നത് സംബന്ധിച്ച ആക്ഷേപത്തിന്മേൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ശ്രീ. ഉമേഷ് ചള്ളിയിലിനെ ആക്രമിച്ച പ്രതികൾക്ക് ഏതെങ്കിലും സംഘടനകളുമായോ, രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായോ ബന്ധം ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ജി) ഇത് സംബന്ധിച്ച കേസ്സിൽ ഏതെങ്കിലും തരത്തിൽ കാലവിളംബം ഉണ്ടായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(എച്ച്) ഈ കേസ്സിൽ ശരിയായ നിലയിൽ അന്വേഷണം നടക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6-5-2010-ാം തീയതി മുത്തകുന്നം ലേബർ ജംഗ്ഷനിൽ NH -17 റോഡിൽ വച്ച്, എസ്.എൻ.ഡി. പി. ഔദ്യോഗിക പക്ഷത്തിനെതിരെ ശ്രീ. ഗോകുലം ഗോപാലന്റെ നേതൃത്വത്തിൽ വന്നിരുന്ന വാഹനജാഥയെ, ഔദ്യോഗിക പക്ഷത്തിൽപ്പെട്ട ശ്രീ. ഉമേഷ് ചള്ളിയിലിന്റെ കാർ ടി വാഹനജാഥയെ മറികടന്ന് പോകവെ ജാഥയിൽ പങ്കെടുത്തിരുന്ന വെള്ള ടീ ഷർട്ടും കടും നീല പാന്റ്സും ധരിച്ചിരുന്ന കണ്ടാലറിയാവുന്ന 5 പേർ തല്ലിപ്പൊളിച്ചതിൽ വച്ച് ഉദ്ദേശം 15,000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതും വടക്കേക്കര പോലീസ് സ്റ്റേഷനിൽ u/s 143, 147, 341, 427 r/w 149 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാകുന്നു. കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) FIR-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉത്തരവാദികളായ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഡി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ഇ) റിപ്പോർട്ടറായ കുറ്റകൃത്യത്തിന് അനുസൃതമായ വകുപ്പ് ചേർത്തിട്ടുള്ളതാണ്.

(എഫ്) പ്രതികളായവർ എസ്.എൻ.ഡി.പി. വിമതവിഭാഗം ശ്രീനാരായണ ധർമ്മവേദിയുടെ ചെയർമാൻ ശ്രീ. ഗോകുലം ഗോപാലന്റെ നേതൃത്വത്തിൽ വന്നിരുന്ന വാഹനജാഥയിലുണ്ടായിരുന്നവരാണ്.

(ജി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റിന് കാലതാമസം നേരിടുന്നു.

(എച്ച്) അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതും, ശരിയായിട്ടുള്ളതും നിഷ്പക്ഷവുമായ ഒരു അന്വേഷണം വടക്കേക്കര എസ്.ഐ. നേരിട്ട് നടത്തിവരുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly